

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**04 OCTOBER 2019**

**05 SAFAR 1441 AH**

## AL-HUJURAT : GHIBBAT (PART 4)

## അൽഹുജ്റാത് :ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 4)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അൽഹുജ്റാത് ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 4)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

മൂന്നാഴ്ച മുൻപ് ആരംഭിച്ച ഖുത്തുബ തുടരുവാനുള്ള തൗഫീഖ് ചെയ്ത അല്ലാഹു(ത)യ്ക്ക് ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തട്ടെ. കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ എന്റെ ഖുത്തുബയിൽ നിസാമെ ജമാഅത്തിനായി (ദൈവവഴിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരുമായി) സ്നേഹബന്ധത്തിൽ ഏർപ്പെടുവാൻ ഞാൻ പറയുകയുണ്ടായി.

നിങ്ങൾക്ക് അല്ലാഹുവിനോട് യഥാർത്ഥമായ നിലയിൽ സ്നേഹമുണ്ടെങ്കിൽ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)നോട് ചെറിയ ചെറിയ സ്നേഹമുണ്ടെങ്കിൽ, ഹസ്രത് മസീഹ് മൗഊദ് (അ)യുമായി നിങ്ങൾക്ക് കുറെശ്ശെയായി അടുപ്പമുണ്ടെങ്കിൽ, ഈ നൂറ്റാണ്ടിലെ അല്ലാഹു(ത)യുടെ ഖലീഫയുമായി സൗഹൃദമുണ്ടെങ്കിൽ, തീർച്ചയായും നിങ്ങൾക്ക് ജമാഅത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളുമായി സ്നേഹമുണ്ടാകുന്നതാണ്. (ജമാഅത്തിന്റെ ഭാരവാഹികളുമായി) ഒരു പ്രസ്ഥാനം, അത് ജനങ്ങളുമായി ബന്ധമുണ്ടായിരിക്കെ, നിങ്ങൾക്ക് ഏതെങ്കിലും ഒരാളുമായി പരുഷമായി പെരുമാറുവാനോ, പുറം തിരിഞ്ഞു നില്ക്കുവാനോ സാധ്യമല്ല, കഴിഞ്ഞ വെള്ളിയാഴ്ച്ച ഈ കാര്യം ഞാൻ പരാമർശിച്ചതാണ്. നിങ്ങൾക്ക് ജമാഅത്തിനെതിരായി ഒന്നും തന്നെ സംസാരിക്കുവാൻ കഴിയുകയില്ല. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവരെ പരിഹസിക്കുവാനോ,

ആക്ഷേപിക്കുവാനോ സാധ്യമല്ല (അതായത് അവർക്കെതിരായി ഗീയ്ബത്ത് പരത്തുവാൻ നിങ്ങൾക്ക് കഴിയുകയില്ല) ജമാഅത്തിന്റെ പിന്നിൽ നിന്ന് കുത്തുന്നത് നിങ്ങൾക്ക് അംഗീകരിക്കുവാൻ സാധ്യമല്ല. അതായത് ജമാഅത്തിനെതിരിൽ സംസാരിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല) ഇത് ഞാൻ പൊതുവായി നടത്തുന്ന ഒരു പ്രസ്താവനയാണ്. ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളും, മറ്റു മുസ്ലിംകളും ഇത്തരം തിന്മകളിൽ നിന്നും, ദുഷിച്ച പ്രവണതകളിൽ നിന്നും അകലം പ്രാപിക്കേണ്ടതാണ്. എന്റെ കഴിഞ്ഞകാല ജീവിതാനുഭവങ്ങളിൽ നിന്ന്, എനിക്ക് നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുവാൻ സാധിക്കുന്നതാണ്, അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ ഇത്തരം തിന്മകളിൽ നിന്നും അവർ എന്നെന്നേക്കുമായി മുക്തരാകേണ്ടതാണ്. ഞാനിത് പറയുന്നത് നിങ്ങളുടെ തന്നെ നന്മയ്ക്കുവേണ്ടിയാണ്, അഥവാ ഇനി നിങ്ങൾ ഈ വിനീതനെ വിശ്വസിക്കുന്നില്ലെങ്കിലും ശരി, നിങ്ങൾ ഈ സന്ദേശത്തെ നിങ്ങളുടെ തന്നെ നന്മയ്ക്കായി സ്വീകരിക്കുക)

അവിടെ നിലനില്ക്കുന്നത് ദൂഷണം മാത്രമല്ല മറിച്ച് കാപട്യം കൂടിയാണ്. (ഇവ രണ്ടും പിന്നിൽ നിന്ന് കുത്തലിനോട് ചേർന്നു നില്കുന്ന ഒരു പൊതിക്കെട്ടാണ്.) ഇത് കുറെശ്ശെ കുറെശ്ശെയായി വളർന്ന് ശത്രുതയായി മാറുന്നു, അങ്ങനെ ഒരാളിന്റെ മേൽ തെറ്റായ ആരോപണങ്ങൾ ചാർത്തുവാൻ, അത്തരത്തിലുള്ള സ്വഭാവത്തിലേക്ക്, നിങ്ങളെ അത് വളർത്തിക്കൊണ്ടു പോകുന്നതാണ്. ഇതെല്ലാം ഒരൊറ്റ വിഭാഗത്തിൽ പെടുന്നതാണ്. നാം ഗീയ്ബത്തിനെകുറിച്ച് സംസാരിക്കുമ്പോൾ, ഇതിൽ ഉൾപ്പെടുന്നതു തന്നെയാണ് (കാപട്യവും, ശത്രുതയും, ആക്ഷേപവും തുടങ്ങിയ പലതും) ഈ പറയപ്പെട്ടതെല്ലാം രോഗങ്ങൾ തന്നെയാണ്, അതെല്ലാം ഏതാണ്ട് ഒരു പോലെയിരിക്കും, അവ ഒരുമിച്ചു മുന്നേറുന്നതാണ്. നിങ്ങൾ ഒരാളെ പറ്റി പറയുന്ന കാര്യം അവന്റെ പിന്നിൽ നിന്ന് പറയുന്നത് നിസ്സാരമായ കാര്യമായി കരുതരുത്. ഇത്തരം അതുമിതും പറയുന്നതിൽ നിന്നും, ദുഷണങ്ങളിൽ നിന്നും നിങ്ങൾ, വളരെ വലിയ അകലം പാലിക്കുക. ഇതിന്റെ ഒരു വഴി, നിങ്ങൾ മറ്റുള്ളവരുമായി നിങ്ങളുടെ സ്നേഹബന്ധം വർദ്ധിപ്പിക്കുക. നിസാമെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം, നിശ്ചയമായും നിങ്ങൾക്ക് അല്ലാഹുമായി അഗാധമായ ഒരു സ്നേഹബന്ധം ഉണ്ടായിരിക്കണം. ഇത് വളരെ വ്യക്തമായ ഒരു സംഗതി തന്നെ

യാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ സംബന്ധിച്ചിട ത്തോളം പൊതുവിൽ, നിങ്ങൾക്ക് നിശ്ചയമായും അവരോടു പ്രത്യേകമായ സ്നേഹമുണ്ടായിരിക്കണം-അതായത് ഇസ്ലാമി നോടും മുസ്ലിംകളോടും!

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ആവർത്തിച്ച് നമുക്ക് ഉപ ദേശം നല്കിയിട്ടുള്ളതാണ്, അതായത് ഒരു മുസ്ലിം മറ്റൊരു മുസ്ലി മിനോട് മോശം പെരുമാറ്റം കാണിക്കരുത് എന്ന്! തീർച്ചയായും ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് യാതൊരുവിധ ബുദ്ധിമുട്ടും വരു ത്തരുത് എന്ന് ഉപദേശിക്കപ്പെട്ടിട്ടുള്ളതാണ്. ഈ പ്രവാചകവചനം സംബന്ധമായി മുൻപ് എനിക്ക് ഒരല്പം അത്ഭുതം ഉളവായി ട്ടുണ്ടായിരുന്നു. (ഈ വചനത്തെ സംബന്ധിച്ച് കാരണം മുഹ മ്മദ് മുസ്തഫ(സ)മുഴുലോകത്തിനും കാരുണ്യവുമായിട്ടാണ് വന്നി ട്ടുള്ളത്. പിന്നെന്തുകൊണ്ടാണ് അദ്ദേഹം ഈ വചനത്തിൽ മുസ്ലിം കൾക്ക് മാത്രം പ്രയോജനം ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നത്. അപ്പോൾ പിന്നെ എന്തുകൊണ്ടാണ് ഒരു മുസ്ലിം മറ്റൊരു മുസ്ലി മിനോട് നല്ല നിലയിൽ പെരുമാറണമെന്ന് പറഞ്ഞിരിക്കുന്നത്? ഞാൻ ഇതു സംബന്ധമായി ചിന്തിച്ചപ്പോൾ, എനിക്ക് മനസ്സിലാ യി, ഈ ഒരു നല്ല ഉപദേശം അദ്ദേഹം മുസ്ലിംകൾക്ക് നല്കിയതാ ണ് എന്ന്! ഈ സുന്ദരമായ ഉപദേശം നിലവിലുണ്ടെങ്കിലും ഇന്ന് ഈ ഉപദേശം പരിഗണിക്കുന്ന ഏതെങ്കിലും ഒരു മുസ്ലിം ഉണ്ടോ? മറിച്ച്, അവർ പരസ്പരം കൊല്ലുകയാണ് ! പരസ്പരം അവർ വെറു പ്പിലാണ്, അവരുടെ സഹോദരങ്ങളോട് അസൂയയാണ് എന്നിട്ട വർ പറയുവാൻ ധൈര്യപ്പെടുന്നു. അവർക്ക് പരിശുദ്ധ പ്രവാച കൻ മുഹമ്മദ് മുസ്തഫ (സ)നോട് സ്നേഹമുണ്ടെന്ന്!

പ്രവാചകൻ (സ)യുടെ ഈ ഉപദേശം സത്യത്തിൽ മനോഹ രമാണ്, പ്രാധാന്യം അർഹിക്കുന്നതുമാണ്. കാരണം പ്രവാചകൻ (സ)യുടെ വീക്ഷണത്തിൽ ഒരു മുസ്ലിമിന് സമ്പൂർണ്ണമായും അത്യാ വശ്യമായും മറ്റൊരു മുസ്ലിമിനോട് നല്ല ബന്ധം ഉണ്ടായിരിക്ക ണം. ഈ സ്നേഹബന്ധം കൂടിയ നിലയിലായാലും ശരി കുറഞ്ഞ നിലയിലായാലും ശരി, ഇന്ന് കുറഞ്ഞു വരികയാണ്. ഒരു മുസ്ലിം മറ്റൊരു മുസ്ലിം വൃത്തത്തിൽ നിന്ന് പുറത്താണ് എന്ന് തോന്നൽ ഉണ്ടാകുമ്പോൾ തന്നെ ഈ സ്നേഹത്തകർച്ച തുടങ്ങി എന്ന് സാരം. തീർച്ചയായും ബന്ധം അവിടെയുണ്ട്, എന്നാൽ അത് ദുർബലപ്പെട്ടിരിക്കുന്നു.

ആയതിനാലാണ് ഈ ഉപദേശം നല്കിക്കൊണ്ട്, അവർ പരസ്പരം ശക്തമായ ബന്ധം കാത്തുസൂക്ഷിക്കുവാൻ ഉപദ്രവിക്കരുത് എന്നുമാത്രമല്ല, നിങ്ങൾക്ക് അവരുമായി ശക്തമായ നല്ല ബന്ധം ഉണ്ടായിരിക്കണം എന്ന് കൂടിയാണ്. നിങ്ങളുടെ അതേ വിശ്വാസം വെച്ചു പുലർത്തുന്ന നിങ്ങളുടെ സഹോദരങ്ങളാണ് അയൽവാസികളാണവർ. നിങ്ങൾക്കുള്ള മൂല്യങ്ങൾ തന്നെയാണ് അവർക്കുള്ളത്. ഇതുകൊണ്ടർത്ഥമാക്കുന്നത് ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോട് വെറുപ്പോ വിദ്വേഷമോ വെച്ചു കൊണ്ടിരിക്കുവാൻ സാധ്യമല്ല എന്ന് സാരം. നിങ്ങൾ ഒരു മുസ്ലിം മറ്റൊരു മുസ്ലമിന് എന്തെങ്കിലും ഉപദ്രവം എപ്പോഴെങ്കിലും ഏല്പിച്ചാൽ, അത് തീർച്ചയായും ഒരു പാപം തന്നെയാണ്, നിങ്ങൾക്ക് നിങ്ങളെ സ്വയം ഒരു മുസ്ലിം എന്ന് വിളിക്കാവതുമല്ല.

ഇതിന്റെ അർത്ഥം മുസ്ലിം അല്ലാത്തവരെ നിങ്ങൾക്ക് ഉപദ്രവിക്കാം എന്നല്ല! അങ്ങനെയല്ല, തീർച്ചയായും അങ്ങനെയല്ല, നിങ്ങൾ തീർച്ചയായും ഒരാളെയും ഉപദ്രവിക്കുവാൻ പാടില്ല; മുസ്ലിം ആയാലും ശരി മുസ്ലിം അല്ലെങ്കിലും ശരി! ഈ വിഷയവുമായി മറ്റു പ്രവാചക വചനങ്ങളുണ്ട്, പ്രസ്തുത ഹദീസുകളിൽ ഇസ്ലാം എന്ന് പരാമർശിച്ചിട്ടില്ല (അതായത് മുസ്ലിംകൾ) എന്നാൽ അവിടെ പറഞ്ഞിരിക്കുന്നത് മാനവസമുദായത്തെ മൊത്തത്തിലാണ്, അവരുടെ അവകാശങ്ങളാണ്. അവിടെ ജനങ്ങളുടെ അവകാശങ്ങൾ മാത്രമല്ല പരാമർശിച്ചിരിക്കുന്നത്. മറിച്ച് മൃഗങ്ങളുടെ അവകാശങ്ങളും പരാമർശിച്ചിരിക്കുന്നു. അവിടെ പരാമർശിച്ചിരിക്കുന്നതു നോക്കു, അതായത്, മൃഗങ്ങളോട് പോലും ഏറ്റവും നല്ല നിലയിൽ മാത്രമെ പെരുമാറുവാൻ പാടുള്ളു. പ്രസ്തുത ഹദീസുകളിൽ ഹസ്രത് മുഹമ്മദ് മുസ്തഫ (സ) ഉപദേശ രൂപേണ ഒരാളോടു പറയുകയുണ്ടായി. ഈ ഒട്ടകത്തോട് നിങ്ങൾ എങ്ങനെയാണ് പെരുമാറിയതെന്നുള്ള ഒരു കണക്ക് നിങ്ങൾ വിധിനാളിൽ സമർപ്പിക്കേണ്ടതായി വരും. ഈ ഒട്ടകം നിങ്ങൾക്കെതിരിൽ പരാതിപ്പെടുന്നുണ്ടാകും, അതിനോട് നിങ്ങൾ നല്ല നിലയിൽ പെരുമാറിയില്ല എന്ന്! അപ്പോൾ പ്രസ്തുത വ്യക്തി പ്രസ്തുത ഒട്ടകത്തെ മോചിപ്പിക്കുകയുണ്ടായി. അദ്ദേഹം പശ്ചാത്തപിക്കുകയുണ്ടായി. അദ്ദേഹം അതിനെ മോചിപ്പിക്കുകയും ഇനി ഒരിക്കലും അതിനെ ഉപദ്രവിക്കുകയില്ല എന്ന് തീരുമാനിക്കുകയുമുണ്ടായി. അപ്പോൾ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അദ്ദേഹത്തോട് പറയുകയുണ്ടായി. പ്രസ്തുത ഒട്ടകത്തെ നിങ്ങൾ മോചിപ്പിച്ചില്ലായിരു

ന്നുവെങ്കിൽ അല്ലാഹു(ത) നിങ്ങളെ ശിക്ഷിക്കുമായിരുന്നു.

ഒരു പക്ഷിയുടെ വേദന നിറഞ്ഞ കരച്ചിൽ കേട്ടപ്പോൾ പോലും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)അസ്വസ്തനായി. ഒരു ദിവസം അദ്ദേഹം തന്റെ കൂടാരത്തിൽ നിന്ന് പുറത്തു വന്നിട്ട് ചോദിക്കുകയുണ്ടായി, ആരാണ് ഈ പെൺപക്ഷിയെ ഉപദ്രവിച്ചത്? ആരോ അതിന്റെ കുഞ്ഞിനെയോ മുട്ടയെയോ എടുത്തു കൊണ്ട് പോയതുപോലെ അതിനെ കാണപ്പെടുന്നുവല്ലോ! യഥാർത്ഥത്തിൽ അത് അങ്ങനെ സംഭവിക്കുകയുണ്ടായി (ഒരിക്കൽ ഒരു സഹാബി ഒരു പക്ഷിയുടെ രണ്ടു കുഞ്ഞുങ്ങളെ എടുത്തുകൊണ്ടുപോയി. ഒരു സന്ദർഭത്തിൽ സഹാബാക്കളിൽ ഒരാൾ രണ്ട് പക്ഷിക്കുഞ്ഞുങ്ങളെ എടുക്കുകയുണ്ടായി, ഇതറിഞ്ഞ അദ്ദേഹം പ്രസ്തുത പക്ഷിക്കുഞ്ഞുങ്ങളെ തിരികെ അതിന്റെ കൂട്ടിൽ കൊണ്ടു പോയി വെയ്ക്കുവാൻ കല്പിക്കുകയുണ്ടായി. അപ്പോൾ മാത്രമാണ് ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യ്ക്ക് ആശ്വാസമായത്. അതായിരുന്നു ഹസ്രത് മുഹമ്മദ് മുസ്തഫ(സ) മുഴുലോകത്തിന്റെയും കാരുണ്യമായിരുന്നു അദ്ദേഹം!

റഹ്മത്തുൻ ലിൽ ആലമീൻ എന്നതിനെ നിർവചിക്കുവാൻ പര്യാപ്തമായ ശക്തിയേറിയ മറ്റൊരുവാക്ക് കണ്ടെത്തുവാൻ പ്രയാസമാണ്. കാരണം ഈ സ്ഥാനപ്പേര് മുഹമ്മദ് മുസ്തഫ(സ) യ്ക്ക് നല്കിയത് അല്ലാഹു(ത) തന്നെയാണ്. അസാധാരണമായ അർത്ഥങ്ങളാൽ ലേശ അർത്ഥവ്യത്യാസങ്ങൾ വരാം. നമുക്കിതിന്ന് ഒരർത്ഥം മാത്രം നല്കുവാൻ സാധ്യമല്ല. ഈ പദം മുസ്ലിംകളുടെ മുൻപാകെ വെയ്ക്കുമ്പോൾ, അവരുടെ ആത്മീയ വിദ്യഭ്യാസത്തിന്, വളരെ വലിയ ഒരു വഴിയാണ് ചെയ്യുവാനുള്ളത്. കാരണം ഈ പദവുമായി അവർ വളരെ വലിയ ബന്ധം സ്ഥാപിച്ചിട്ടുള്ളവരാണ്. മുസ്ലിംകൾക്കിടയിൽ ഈ പദത്തിന്, നല്ല നിലയിൽ സ്ഥാപിതമായ, ഒരു ബന്ധമാണുള്ളത്. അതേ അർത്ഥത്തിലും, വിശാലമായ അർത്ഥത്തിലും പ്രസ്തുത പദം നാം പരിഗണിക്കുമ്പോൾ ഗീയ്ബത്ത് എന്ന വിഷയവും നമ്മുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതാണ്.

ഇത് നല്ല നിലയിൽ മനസ്സിലാക്കുന്നത് വളരെ എളുപ്പമുള്ള കാര്യമാണ്. ഒരുമിച്ച് പ്രവർത്തിക്കുന്നവർക്കെതിരിൽ അതിലെ ഒരാൾ എതിരു പറയരുത് എന്ന് മനസ്സിലാക്കുന്നതുപോലെ വളരെ എളുപ്പമുള്ള കാര്യമാണ്. ശാരീരികമായും ആത്മീയമായും

അല്ലാഹുവിന്റെ വഴിയിൽ പ്രവർത്തിക്കുന്നവർ, അതിലുള്ളവർക്കെതിരിൽ ഒന്നും പറയുവാൻ പാടില്ല എന്നത് മനസ്സിലാക്കുവാൻ എളുപ്പമുള്ള കാര്യം തന്നെയാണ്. അല്ലാഹുവിന്റെ ജമാഅത്തിന് വേണ്ടി പ്രവർത്തിക്കുന്നവരാണ്. അല്ലാഹുവിന്റെ ദീനിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്. മുസ്ലിംകളോട് മോശമായി പെരുമാറുവാൻ നിങ്ങൾക്ക് യാതൊരുവകാശവുമില്ല. പൊതുവിൽ പറഞ്ഞാൽ, ഒരു മുസ്ലിമിനെ പരിഹസിക്കുന്നത് പാപമാകുന്നു. അത് വളർന്ന് വളരെ മോശമായ നിലയിലേക്കെത്തിച്ചേരുന്നതാണ്.

ആയതിനാൽ, ഒരു മുസ്ലിം, നമ്മുടെ മഹാനായ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഉപയോഗിച്ചതും വിശദീകരിച്ചതുമായ അതിമഹത്തായ വഴികൾ നാമും ഉപയോഗിക്കേണ്ടതാണ്, വിശദീകരിക്കേണ്ടതാണ്. തന്റെ മുസ്ലിം സഹോദരങ്ങളുമായുള്ള അതിമഹത്തരമായ ബന്ധം നമുക്കുണ്ടാകേണ്ടതാണ്, ഒരു മുസ്ലിം പ്രസ്തുത അതിമഹത്തായ ബന്ധത്തിൽ നിന്നും അകന്നു പോകുവാൻ പാടില്ലാത്തതാകുന്നു. ഇതിനായി നിങ്ങൾക്ക് നിർബന്ധമായും ഉണ്ടാകേണ്ട കാര്യമാണ് അല്ലാഹു(ത)യുമായുള്ള സ്നേഹം, അവന്റെ ദൂതനുമായുള്ള ബന്ധം, എന്നിട്ട് നിങ്ങൾ എല്ലാ മുസ്ലിം സഹോദരങ്ങളുമായി ശക്തമായ സ്നേഹബന്ധം സ്ഥാപിക്കുക, അതേ തുടർന്ന് ഈ സ്നേഹ ബന്ധം മുസ്ലിം സഹോദങ്ങളിൽ മാത്രമല്ല, നിങ്ങൾ പ്രസ്തുത സ്നേഹം പൊതുവിൽ എല്ലാവരിലേക്കും, വ്യാപിപ്പിക്കുക, അങ്ങനെ മുഴുമാനവകുലത്തിനും പ്രസ്തുത സ്നേഹം പകർന്നു നല്കുക. ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യിൽ നിന്നും മുസ്ലിംകൾക്ക് സ്നേഹം ലഭിച്ചതുപോലെ, നിങ്ങൾ ഇപ്പോൾ അവരുമായി അത്തരത്തിലൊരു സ്നേഹബന്ധം പുലർത്തുന്നില്ല (അതായത് മുസ്ലിംകൾ) എന്നാൽ നിങ്ങൾ പറയുന്നു അവകാശപ്പെടുന്നു നിങ്ങൾക്ക് മുഹമ്മദ് മുസ്തഫ(സ)നോട് സ്നേഹമുണ്ടെന്ന്! നിങ്ങൾക്ക് അത്തരത്തിൽ സ്നേഹമുണ്ടെങ്കിൽ, വിശുദ്ധഖുർആൻ പറയുന്നു, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ന് നിങ്ങളോട് അതിയായ സ്നേഹമായിരുന്നു എന്ന്! മുസ്ലിംകളോട് അദ്ദേഹം അതിയായ ദയാവായ്പുള്ളവനായിരുന്നു. അവരോട് അദ്ദേഹത്തിന് അതിയായ അനുകമ്പയും സ്നേഹവായ്പുമായിരുന്നു. അദ്ദേഹത്തിന് അവരോട് കാരുണ്യമായിരുന്നു ഉണ്ടായിരുന്നത്. അതായത് ഓരോ സമയവും അദ്ദേഹം അവരോട് അതിയായ കാരുണ്യവാനായാണ് പെരുമാറിയത്, അദ്ദേഹം അവരോട് സഹതാ

പത്തോടെ മാത്രമാണ് വർത്തിച്ചിരുന്നത്.

നിങ്ങൾക്ക് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യോട് സ്നേഹമുണ്ടെങ്കിൽ, മുഹമ്മദ് മുസ്തഫ(സ)സ്നേഹിച്ചിരുന്ന എല്ലാവരോടും നിങ്ങൾക്ക് സ്നേഹമുണ്ടായിരിക്കണം. വസ്തുത ഇതാണ് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ന് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ അവസ്ഥ എന്താണെന്ന് നല്ലതുപോലെ അറിയാമായിരുന്നു. അദ്ദേഹത്തിന്നറിയാമായിരുന്നു, അതിൽ യാതൊരു വിധ ന്യൂനതയുമില്ലായിരുന്നു എന്ന്! അദ്ദേഹത്തിൽ ഒരിക്കലും യാതൊരു വിധ മോശമായ ചിന്തകളുമുണ്ടായിരുന്നില്ല. മറ്റുള്ളവരോട് അദ്ദേഹം യാതൊരു വിധ ശത്രുതയും വെച്ചു പുലർത്തിയിരുന്നില്ല. അദ്ദേഹം ഒരിക്കലും യാതൊരുവിധ നാട്യങ്ങളും നടത്തിയിരുന്നില്ല. ജനങ്ങളെ കാണിക്കുവാൻ അദ്ദേഹത്തിന് യാതൊരുവിധ പരസ്യഫലകങ്ങളുമുണ്ടായിരുന്നില്ല. എല്ലാവരോടും സ്നേഹമാണ്. ആരോടുമില്ല വെറുപ്പ് എന്ന് എഴുതിയ ഇത്തരം ഫലകങ്ങളൊന്നുമുണ്ടായിരുന്നില്ല.

അതോടൊപ്പം തന്നെ, ജനഹൃദയങ്ങളിൽ അദ്ദേഹം ഒരിക്കലും ശത്രുത വിതച്ചിട്ടില്ല. നിസ്സഹകരണം ഏർപ്പെടുത്തിയിട്ടില്ല. അദ്ദേഹം ആരുടെയും പരദൂഷണം നടത്തിയിട്ടില്ല. കുടുംബബന്ധങ്ങൾ വിച്ഛേദിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ, അദ്ദേഹം തന്റെ സഹാബാക്കളോട് അവരുടെ രക്ഷകർത്താക്കൾ അവിശ്വാസികളായിട്ടുണ്ടായിരുന്നു. അദ്ദേഹം ഒരിക്കലും അവരുമായുള്ള കുടുംബ ബന്ധം വിഛേദിക്കുവാൻ കല്പിച്ചിട്ടില്ല. രക്തബന്ധം മുറിക്കുവാൻ കല്പിച്ചിട്ടില്ല. നിസ്സഹകരണം ഏർപ്പെടുത്തുവാൻ പറഞ്ഞിട്ടില്ല. അവരുമായി കാണുന്നതിനെ വിലക്കിയിട്ടുമില്ല. മുസ്ലിംകളിൽ അവരുടെ കുടുംബാംഗങ്ങളുമായി, സുഹൃത്തുക്കളുമായി, അവർ വിശ്വാസികളായിരുന്നില്ല, അവർ അദ്ദേഹത്തിന്റെ സന്ദേശത്തിൽ വിശ്വസിച്ചതുമില്ല. എന്നിട്ടു കൂടി അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ഒരിക്കലും ശത്രുത വിതച്ചില്ല. എന്നാൽ ചിലപ്പോൾ, ചില ലക്ഷ്യത്തിനായി, ചില കാര്യങ്ങൾ പരാമർശിക്കേണ്ടതായി വന്നിട്ടുണ്ട്, എന്നാൽ അതൊന്നും തന്നെ വെറുപ്പുള്ളവാക്കുന്നതായിരുന്നില്ല. വെറുപ്പിന്റെ ഭാഷയിൽ അദ്ദേഹം സംസാരിച്ചിട്ടില്ല, നിസ്സഹകരണത്തിന്റെ ഭാഷയും ഉപയോഗിച്ചിട്ടില്ല. പരദൂഷണം പറയുന്നതിനെ അദ്ദേഹം ഒരിക്കലും ഒരാളേയും പ്രോത്സാഹിപ്പിച്ചിട്ടില്ല! ഇല്ല! ഒരിക്കലുമുണ്ടായിട്ടില്ല.

ആയതിനാൽ നാമും, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)സ്നേഹിച്ച നിലയിൽ എല്ലാവരേയും സ്നേഹിക്കണം. അത് സാധനസാമഗ്രികളായും ശരി, മൃഗങ്ങളായാലും ശരി, പക്ഷികളായാലും ശരി! ഇതു സംബന്ധമായി പറഞ്ഞാൽ, എല്ലാ മുസ്ലിംകളും നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്, നിങ്ങൾ അവരോട്, റഊഫും, റഹീമുമായ ഗുണങ്ങളോടെ വർത്തിക്കണമെന്നാണ്, കാരണം നിങ്ങൾ അവകാശപ്പെടുന്നത് നിങ്ങൾക്ക് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യോട് സ്നേഹമുണ്ടെന്നാണ്! അദ്ദേഹം റഊഫും റഹീമും (ആർദ്രതയുള്ളവനും കരുണായുള്ളവനും) ആയിരുന്നു. ആ ഗുണം നിങ്ങളിലും കാണേണ്ടതു തന്നെയാണ്.

ഈ നിലയിൽ, നന്മയിലധിഷ്ഠിതമായ ഒരു ബന്ധം നിങ്ങൾ സ്ഥാപിക്കുമ്പോൾ, നിങ്ങളുടെ ഈ നല്ല പ്രവർത്തനങ്ങൾ ഒരു നിഴലായി എല്ലാ മുസ്ലിംകളുടെ മേലും പതിക്കുന്നതാണ്. (ഒരു സംരക്ഷണമെന്ന നിലയിൽ) ഈ നിഴലിൻ കീഴെ ഗീയ്ബത്ത് എന്ന ചെടി വളരുകയില്ല. ചില നിഴലുകൾക്ക് താഴെ ചില ചെടികൾ വളരുകയില്ല. ചില നിഴലുകൾക്കടിയിൽ ചില ചെടികൾ മരണമടയുന്നു. റഊഫ്, റഹീം എന്നീ ഗുണങ്ങളാൽ ഗീയ്ബത്തിന് വികാസം പ്രാപിക്കുവാനോ, വ്യാപിക്കുവാനോ കഴിയുകയില്ല.

ഗീയ്ബത്ത് ഉപേക്ഷിക്കുവാനുള്ള വഴി ഇതാണ്. അപ്പോൾ, വിശാലമായ കാഴ്ചപാടിൽ, മാനവകുലത്തെ ഒന്നായി പരിഗണിക്കുമ്പോൾ, റഹ്മത്തുൻ ലിൽ ആലമീനെ സംബന്ധിച്ചിടത്തോളം നിങ്ങൾ മാനവകുലത്തെ മൊത്തത്തിൽ, നിങ്ങൾ അവരോട് ഏറ്റവും നല്ല നിലയിലുള്ള ബന്ധം സ്ഥാപിക്കേണ്ടതാണ്. അതല്ലാതെ മറ്റൊരു വഴിയും നിങ്ങളുടെ മുന്നിലില്ല. ഞാൻ ഇതിലൂടെ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നത് കൃത്രിമമായ സ്നേഹമല്ല. കൃത്രിമ സ്നേഹത്തിന് യാതൊരുവിധ അസ്ഥിത്വവുമില്ല. അത് ശുദ്ധകാപട്യമാണ്. അത്രതന്നെ! മാനവരാശിയെ മൊത്തത്തിൽ സ്നേഹിക്കുക എന്നത് അതിമഹത്തായ ഒരു കാര്യം തന്നെയാണ്. അത് നിഷ്ക്കളങ്ക സ്നേഹവുമായിരിക്കണം. ഇത് പ്രത്യേക രീതിയിലുള്ള ഒരു ജിഹാദാണ്. അത് ലഭ്യമാകുന്നതിന് അതിയായ പരിശ്രമം അനിവാര്യമാണ്. നിങ്ങൾ ജിഹാദിനെയും മുഹബ്ബത്തിനെയും പരസ്പരം കൂട്ടിച്ചേർക്കരുത്. ഞാൻ അതല്ല ഉദ്ദേശിക്കുന്നത്! ഞാൻ നിങ്ങളോട് പറയുവാൻ ഉദ്ദേശിക്കുന്നത് പ്രകൃത്യായുള്ള സ്നേഹമാണ്, അത്തരം സ്നേഹമായിരുന്നു ഹസ്രത് മുഹമ്മദ് മുസ്തഫ (സ)ന് മാനവകുലത്തിനോടുണ്ടായിരുന്നത്. അദ്ദേ

ഹത്തിന് അല്ലാഹുമായി നേരിട്ടുള്ള ഒരു ബന്ധത്തിലൂടെയാണ് അത് സാധ്യമായത്, പ്രസ്തുത സ്നേഹം അദ്ദേഹത്തിലെത്തിയത് അല്ലാഹു(ത)യിൽ നിന്നുമാണ്. അതുകൊണ്ട് അതിനായി അദ്ദേഹത്തിന് മറ്റുള്ളവരുമായി പോരാടേണ്ടി വന്നില്ല.

ഇന്ന് ഞാനിത് ഇവിടെ അവസാനിപ്പിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ വിശദീകരണങ്ങൾ എനിക്ക് മഴപോലെ വർഷിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത ആഴ്ചയിലും ഇൻശാ അല്ലാഹ് ഇത് തുടരും. ഇനി ഇതുസംബന്ധമായി എത്ര ഖുത്തുബകൾ കാണുമെന്ന് അല്ലാഹു(ത)യ്ക്ക് മാത്രമെ അറിയുകയുള്ളു.

അല്ലാഹു(ത) അവന്റെ കാരുണ്യം നിങ്ങളുടെ എല്ലാവരുടെമേലും വർഷിക്കട്ടെ! നിങ്ങളുടെ നഫ്സിന്റെ ഇഛയ്ക്കെതിരായി പോരാടുവാനുള്ള ശക്തി അവൻ നല്കട്ടെ! മുസ്ലിം സഹോദരീ സഹോദരന്മാർക്കിടയിൽ നല്ല ബന്ധം സ്ഥാപിക്കുവാൻ അല്ലാഹു (ത) തുണയ്ക്കട്ടെ! അല്ലാഹുവിന്റെ ജമാഅത്തിലെ അംഗങ്ങളായ നിങ്ങൾക്കും അതിന് കഴിയട്ടെ! ഈ ദയാവായ്പ് നിങ്ങളിൽ വളർത്തി വലുതാക്കുവാൻ ശേഷം പ്രസ്തുത സഹോദരി സഹോദരന്മാർക്ക് പ്രദാനം ചെയ്യുവാൻ അല്ലാഹു(ത) നിങ്ങളെ സഹായിക്കട്ടെ! എല്ലാ വിധ പരദൂഷണങ്ങളിൽ നിന്നും അകലം പ്രാപിക്കുവാൻ അല്ലാഹു(ത) സഹായിക്കട്ടെ! ഇസ്ലാമിന്റെ പ്രതിഛായയ്ക്ക് കളങ്കം ഏല്പിക്കുന്ന എല്ലാ തിന്മകളിൽ നിന്നും വിട്ടുനില്ക്കുവാൻ നമുക്ക് കഴിയട്ടെ! മാനവകുലം ശുദ്ധീകരിക്കപ്പെടട്ടെ, അല്ലാഹു(ത) നിങ്ങൾക്ക് നല്കിയ സ്ഥാനം ഉയരട്ടെ! ഇൻശാ അല്ലാഹ്, ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*